272 മത്സ്യവിത്തുവളർത്തൽ യൂണിറ്റുകളും സംസ്ഥാനത്ത് പ്രവർത്തിക്കുകയുണ്ടായി

(ബി) പൊതുമേഖലയിൽ 17 ഉം സഹകരണമേഖലയിൽ 49 ഉം മത്സ്യവിത്തുല്പാദന കേന്ദ്രങ്ങളാണ് ഉള്ളത്.

(സി) വിശദവിവരം യഥാക്രമം അനുബന്ധം 1.11 ആയി കൊടുത്തിരിക്കുന്നു.

101 (625) ട്രോളിംഗ് നിരോധനം

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :

<u>ശ്രീ ജി കാർത്തികേയൻ</u> :

<u>ശ്രീ കെ പി വിശ്വനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധനം മൂലം സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് വർദ്ധിക്കുന്നുണ്ടോ.

(ബി) എങ്കിൽ അതുമൂലമുള്ള വർദ്ധനവിന്റെ തോത് എത്രയാണെന്ന് വ്യക്തമാക്കുമോ.

(സി) ട്രോളിംഗ് നിരോധനകാലത്ത് സംസ്ഥാനത്തിന്റെ തീരക്കടലിലും ആഴക്കടലിലും വിദേശ ട്രോളറുകളും അന്യ സംസ്ഥാനത്ത് നിന്നുള്ള മത്സ്യബന്ധന ബോട്ടുകളും മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

(ഡി) ഇത് ട്രോളിംഗ് നിരോധനം മൂലം ലക്ഷ്യമിട്ട ഫലത്തെ ഇല്ലാതാക്കുമോ.

(ഇ) എങ്കിൽ അതിനുള്ള പരിഹാരം എന്തെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഈ വർഷവും മൺസൂൺ കാലട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കടൽ മത്സ്യോല്പാദനം എത്രാണ്ട് മുമ്പിലായി ഉയർന്നിട്ടുണ്ട്.

(സി) ഇല്ല

(ഡി) ബാധകമല്ല.

(ഇ) ബാധകമല്ല

(എഫ്) ഉണ്ട്

102 (626) കാലവർഷക്കെടുതിമൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

<u>ശ്രീ. തമ്പാനൂർ രവി</u> :

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) കാലവർഷക്കെടുതിമൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

---

* മറുപടി വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കടൽക്ഷോഭംമൂലം വീടുനഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് ഇതുവരെ എന്തുതുക സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(എഫ്) കടലാക്രമണം മൂലവും വെള്ളപ്പൊക്കക്കെടുതി മൂലവും മത്സ്യ ബന്ധനത്തിന് ഏർപ്പെടാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷനും മറ്റു ആനുകൂല്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇപ്പോൾ ഭവനനിർമ്മാണത്തിനായി 35,000/-രൂപ ധനസഹായം മത്സ്യത്തൊഴിലാളികൾക്കു നൽകിയിട്ടുണ്ട്. ഭവനരഹിതരായവർക്കും പ്രകൃതി ക്ഷോഭംമൂലം കഷ്ടപ്പെടുന്നവർക്കും മുൻഗണന നൽകി വീടുവയ്ക്കാനുള്ള സഹായം ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നൽകുന്നു.

കടൽക്ഷോഭംമൂലം വീട് നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളെ താത്ക്കാലികമായി പുനരധിവസിപ്പിക്കുന്നതിന് റവന്യൂ അധികൃതരുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള കെട്ടിടങ്ങളും മറ്റ് ലഭ്യമായ സൗകര്യങ്ങളും ഇക്കാര്യത്തിന് താത്ക്കാലികമായി ഉപയോഗപ്പെടുത്തുന്നുണ്ട്.

(ഡി) 85,500/ രൂപ മത്സ്യഫെഡിൽ നിന്നും നൽകിയിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

(എഫ്) ദുരിതാശ്വാസക്യാമ്പിൽ കഴിയുന്നവർക്ക് സൗജന്യറേഷൻ നൽകുന്നുണ്ട്.

(ജി) ചോദ്യം ഉദിക്കുന്നില്ല.

103 (627) ഔട്ട്ബോർഡ് എൻജിൻ പരിശോധന

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. വി. ബാലറാം</u> :
<u>ശ്രീ. കെ.എ. ചന്ദ്രൻ</u> :
<u>ഡോ. എം.എ. കുട്ടപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
1172/2010.

LIBRARY ARCHIVES Kerala Legislative Assembly